ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപകടങ്ങൾ സംഭവിക്കുന്നതിന്റെ പ്രധാന കാരണം അമിതവേഗതയിൽ വാഹനം ഓടിക്കുന്നതും തെറ്റായ രീതിയിലുള്ള ഓവർടേക്കിംഗുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി-ഇ) നിലവിലെ സുരക്ഷാക്രമീകരണങ്ങളിൽ മാറ്റങ്ങളും പുതുതായി ഇപ്പോൾ പരിഗണനയിലില്ല.

**എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണം**

374 (1459) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി തരുമോ?

(എ) തൃത്താല നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് 2014-15 പ്രകാരം ഈ കെട്ടിടത്തിന് തുക അനുവദിച്ചിട്ടുണ്ടോ? അനുവദിച്ചിട്ടുണ്ടെങ്കിൽ കെട്ടിട വിഭാഗത്തിന് നിർമ്മാണച്ചുമതല കൈമാറിയിട്ടുണ്ടോ? എങ്കിൽ എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണം പ്രവർത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

(ബി) പ്രസ്തുത പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2014-15-ലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള എടമട്ടം ഹയർ സെക്കണ്ടറി സ്കൂൾ ക്ലാസ് മുറി നിർമ്മാണത്തിന്റെ 15-10-2015-ൽ നടന്ന ആദ്യ ടെണ്ടറിൽ ഒരാൾ മാത്രമേ പങ്കെടുത്തിട്ടുള്ളൂ. ആയതിനാൽ റീ ടെണ്ടർ നടപടികൾ പൂർത്തിയാക്കി, കരാറാക്കി ക്രമത്തെ പണി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

**ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പൊളമരാമത്ത് റോഡുകൾ**

375 (1460) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ വളരെയധികം ശോചനീയാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) എങ്കിൽ പൊതുമരാമത്ത് റോഡുകൾ ഭാഗികമായി മണ്ണിട്ട് തിരിച്ച് പോയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

(സി) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, ഗ്രേഡ് റോഡ്, ചെർപ്പുളശ്ശേരി - ഓട്ടുപാലം റോഡ്, കോതകുറിശ്ശി - വാണിയംകുളം റോഡ്, വാണിയംകുളം - വല്ലപ്പുഴ റോഡ്, പെങ്ങാട്ടിരി-കൊപ്പം റോഡ് എന്നിവ പൊതുമരാമത്ത് റോഡുകളിലൂടെയുള്ള കാൽനട പോലും വളരെയധികം ബുദ്ധിമുട്ടാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ റോഡുകളുടെ പുനരുദ്ധാരണത്തിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ്, പെങ്ങാട്ടിരി - കൊപ്പം റോഡ് എന്നിവ പൊതുമരാമത്ത് വകുപ്പ് നിയോജക മണ്ഡല അടിസ്ഥാനത്തിൽ പെടുത്തിയതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ, തകർന്ന റോഡുകൾ വിവിധ പദ്ധതിയിലെ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി&ഇ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. ചെർപ്പുളശ്ശേരി നെല്ലായ വഴി വല്ലപ്പുഴ റോഡ് ആകെ കി.മീ. 0/000 മുതൽ 17/049 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മീ.0/000 മുതൽ 8/000 വരെ) ബി.എം.& ബി.സി. പ്രവൃത്തി ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന കി.മീ. 8/000 മുതൽ 17/049 വരെയുള്ള ഭാഗത്ത് പുനരുദ്ധരണ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേടുപാടുകൾ തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെങ്ങാട്ടിരി-കൊപ്പം റോഡ് ആകെ കി.മീ. 0/000 മുതൽ 10/600 വരെയാണ്. അതിൽ തകർന്ന ഭാഗം (കി.മീ. 0/000 മുതൽ 7/400 വരെ) റബ്ബറൈസ്ഡ് ഹെങ്ങർപയോഗിച്ച് ബി.എം.& ബി.സി. പ്രവൃത്തി പൂർത്തിയാക്കിവരുന്നു.

## പൊന്നുമരാമത്ത് വകുപ്പിൽ മീഡിയ അഡൈ്വസർ

376 (1401) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ മീഡിയ അഡൈ്വസർ എന്ന തസ്തിക നിലവിലുണ്ടോ; ഇങ്ങനെയൊരു ഈ തസ്തികയിൽ ഏതെങ്കിലും ഉദ്യോഗസ്ഥനെ നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) നിയമിച്ചിട്ടുണ്ടെങ്കിൽ നിയമനത്തിന്റെ മാനദണ്ഡം എന്താണെന്നും ശമ്പള ഇനത്തിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly